**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2824.** **17.06.2019 ൽ മറുപടിയ്ക്ക്**

## നിരോധിത പുകയില ഉത്പന്നങ്ങളുടെ വിപണനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാമ്പസുകൾ ലഹരി മുക്തമാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ. യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചു കൊണ്ട് 506 വിവിധ ബോധവത്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർഥികളെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി ഏകദിനശില്പശാലകൾ നടത്തുകയും, വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ കായികലഹരി എന്ന സന്ദേശം പകർന്നു നൽകുന്നതിന് വിവിധ കായിക മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | നിരോധിത പുകയില ഉത്പന്നങ്ങൾ വ്യാപകമായി വിപണനം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) യും (സി) യും | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പുകയില, ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ പഴുതുകളില്ലാതെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ വിദ്യാലയങ്ങളുടെ 100 അടി ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളും മറ്റുലഹരിവസ്തുക്കളും വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ |
| (സി) | സ്കൂൾ വിദ്യാർത്ഥികൾ വ്യാപകമായി പുകയില ഉത്പന്നങ്ങൾ | | |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | | എൻഫോഴ്സ്മെൻറ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ പുകയിലയും, പുകയില ഉത്പന്നങ്ങളും വിൽക്കുന്ന വർക്കെതിരെ കോട്പ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ലഹരിവിരുദ്ധ ക്ലബ്ബുകൾ പി.ടി.എ, സ്കൂൾ ഡെവലപ്പ്മെൻറ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിയ്ക്കെതിരെയും പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. സ്കൂളുകളിൽ ടി ഉത്പന്നങ്ങളുടെ ഉപയോഗം, വിതരണം തുടങ്ങിയവ ശ്രദ്ധയിൽ പെട്ടാൽ എക്സൈസ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും, ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ സത്വര തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**